## പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ബഹു സ്പീക്കറുടെ റൂളിംഗ്

## 13-07-2022

## സ്പീക്കറുടെ റൂളിംഗുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് നടത്തിയ പരാമർശം സംബന്ധിച്ച്

2022 ജൂലൈ 13-ാംതീയതി ധനകാര്യം പരിഗണനയ്ക്കെടുക്കുന്നതിന് മുമ്പായി ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെതിരെ പ്രതിപക്ഷനേതാവ് സഭയ്ക്കുള്ളിലും പുറത്ത് മാധ്യമങ്ങളോടും സംസാരിച്ചത് ചട്ടവിരുദ്ധമാണെന്ന് ഭരണപക്ഷത്തെ ഒരംഗം ക്രമപ്രശ്നമുന്നയിക്കുകയുണ്ടായി.

സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ചട്ടം 284 (xi)-ൽ പറയുന്നുണ്ടെന്നും സ്പീക്കറുടെ തീരുമാനം അന്തിമമാണെന്ന് റൂളിംഗ് നൽകിയതിനുശേഷം ബഹുമാന്യനായ പ്രതിപക്ഷനേതാവ് നടത്തിയ പത്രസമ്മേളനത്തിലൂടെ

സ്പീക്കറുടെ നിഷ്പക്ഷതയെ പരോക്ഷമായി ചോദ്യം ചെയ്യുകയാണ് സഭയ്ക്കുപുറത്ത് ചെയ്തതെന്നും ചട്ടവിരുദ്ധമായി നടന്നിട്ടുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് ന്യായീകരിക്കുന്നത് ശരിയല്ലെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ബഹു. സ്പീക്കറുടെ റൂളിംഗിനെതിരെ ഒരു പരാമർശവും നടത്തിയിട്ടില്ലെന്നും സഭ്യമായ ഭാഷയിൽ പ്രതിഷേധം രേഖപ്പെടുത്തുകയാണുണ്ടായതെന്നും പ്രതിപക്ഷനേതാവും വിശദീകരിക്കുകയുണ്ടായി.

**ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.**

"സഭയുടെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ട ചുമതല നാം ഓരോരുത്തരിലും നിക്ഷിപ്തമാണെന്ന് ഓർമ്മപ്പെടുത്തുന്നു.’’